അതിലേററവും പ്രധാനമായി വരുന്നത് ആഹാരപ്രശ്നമാണ്. തിരുവിതാംകൂറിലെ ജനങ്ങളുടെ മുഖ്യമായ ആഹാരസാധനം അരിയാണ്. ഇവിടത്തെ ജനങ്ങളുടെ ആവശ്യത്തിൻെറ മൂന്നിലൊന്നുഭാഗം ഇവിടത്തെ കൃഷികൊണ്ടുതന്നെ ഉണ്ടാക്കുകയും മൂന്നിൽ രണ്ടു ഭാഗം ഇപ്പോൾ ജപ്പാനു അധീനമായിരിക്കുന്ന രാജ്യങ്ങളിൽനിന്നും ഇവിടെ കൊണ്ടുവരികയും ചെയ്തിരുന്നു. യുദ്ധത്തിൻെറ ഫലമായി ആ രാജ്യങ്ങൾ ജപ്പാൻെറ കൈവശം പോയതോടുകൂടി ആഹാരക്ഷാമം വന്നു. ആ പ്രശ്നം നമ്മുടെ ഭരണമേധാവിയുടെ ധീരമായ പ്രവൎത്തനംനിമിത്തം ഇൻഡ്യയ്ക്കു മുഴുവനും മാർഗ്ഗനിദർശനം നൽകത്തക്കവണ്ണം ഇവിടെ പരിഹരിക്കപ്പെട്ടിട്ടുണ്ടെന്നുള്ള വസ്തുത കൃതജ്ഞതാപൂർവ്വം ഞാൻ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഇവിടെ ഉണ്ടാകുന്ന നെല്ലും അരിയും ധീരപൂർവം ഗവണ്മെൻറ് വസൂൽ ചെയ്കയും നീതിപൂർവം അതു വിതരണം ചെയ്കയും ചെയ്യുന്നു. ഇൻഡ്യാഗവണ്മെൻറു പോലും സംപൂർണ്ണറേഷനിംഗ് ഏർപ്പെടുത്തുന്ന കാര്യം ആദ്യം അല്പം സംശയത്തോടുകൂടി വീക്ഷിച്ച ഒരു പ്രശ്നമാണ്. ഒരു അസാധാരണ സന്ദർഭം വന്നപ്പോൾ ഏററവും ഒരു ധീരമായ നില അവലംബിച്ച് ഇവിടെ ആ പ്രശ്നത്തിന് പരിഹാരം വരുത്തി. ബംഗാളിലെ നില നോക്കുകയാണെങ്കിൽ അവിടത്തെ ജനങ്ങൾക്കു ആവശ്യമുള്ളത്രയുംതന്നെ നെല്ല് അവിടെ കൃഷിചെയ്തുവന്നിരുന്നു. എങ്കിലും ബംഗാളിലുണ്ടായ കഷ്ടപ്പാടുകൾ ഈ ആഹാരപ്രശ്നത്തിൽ നമുക്കു നേരിടേണ്ടിവന്നില്ല. ഇങ്ങനെയെല്ലാം ആ പ്രശ്നത്തിനു പരിഹാരം വരുത്തിയെങ്കിലും ഇനിയും പലതുംകൂടി ചെയ്യുവാൻ കഴിയുമെന്നാണ്, ഇതിലും ഉപരിയായി പലതും ചെയ്യേണ്ടിയിരുന്നു എന്നുമാണ് എൻെറ വിനീതമായ അഭിപ്രായം. ഇപ്പോൾ നാടു മുഴുവനും സംപൂർണ്ണ റേഷനിംഗിനു വിധേയമായിരിക്കുകയാണല്ലോ. എന്നാൽ ഇവിടത്തെ എല്ലാ ജനങ്ങളും വിശേഷിച്ചും ആദായം കുറഞ്ഞ ക്ലാസിൽപ്പെട്ടയാളുകൾ റേഷൻ കാർഡുകൾ അനുസരിച്ചുള്ള അരിയും മററു സാധനങ്ങളും വാങ്ങുന്നില്ലെന്നു കണക്കുകൾകൊണ്ടു കാണുവാൻ കഴിയും. ആഹാരസാധനങ്ങൾ എല്ലാവർക്കും വാങ്ങുവാനുള്ള സ്ഥിതി ഉണ്ടാക്കുന്നതുകൊണ്ടു മാത്രം അതിനു പരിഹാരം വന്നില്ല. ആഹാരസാധനങ്ങൾ സാധാരണ ജനങ്ങൾക്കു വാങ്ങത്തക്കവണ്ണമുള്ള ഒരു രീതിയിൽ അവർക്ക് വിതരണം ചെയ്യണം. ഈ കാര്യത്തിൽ എനിക്ക് ഒരു നിർദ്ദേശം ഗവണ്മെൻറിൻെറ മുൻപാകെ സമർപ്പിക്കുവാനുണ്ട്. അരി വിതരണം ചെയ്യുമ്പോൾ

ചിലപ്പോൾ നല്ല അരി കിട്ടുന്നു എന്നും ചില അവസരങ്ങളിൽ താഴ്ന്ന തരം അരി കിട്ടുന്നു എന്നും ഇവിടെ പറയുകയുണ്ടായി. എന്റെ അഭിപ്രായത്തിൽ സാധാരണ ജനങ്ങളെ പ്രത്യേകം ലക്ഷ്യമാക്കി അരി രണ്ടു ക്ലാസ്സായി തിരിക്കേണ്ടതാണ്. നല്ല ഇനത്തിന് ഇന്നു വിതരണം ചെയ്യുന്ന വില നിരക്കിൽനിന്നും ഇടങ്ങഴിക്ക് ഒരു പണമൊ അല്ലെങ്കിൽ ഏഴു ചക്രമൊ കൂട്ടി സാമ്പത്തികനില ഉയർന്നവർക്ക് പ്രത്യേകം കൊടുക്കണം. താഴ്ന്ന അരി ഇന്നത്തെ നിലയിൽനിന്നും ഏഴുചക്രംവരെ കുറച്ച് ആദായം കുറഞ്ഞ ക്ലാസിൽപെട്ട ജനങ്ങൾക്ക് കൊടുക്കണം. ഇങ്ങനെ രണ്ടായി തരം തിരിച്ച് അരി വിതരണം ചെയ്യുന്നപക്ഷം സാധുക്കൾക്ക് ഇന്ന് അവർക്കു കിട്ടിയിരിക്കുന്ന കാർഡ് അനുസരിച്ച് ആഹാരസാധനങ്ങൾ വാങ്ങി ഉപയോഗിക്കുന്നതിനുള്ള കഴിവുണ്ടാകുന്നതാണ്. അങ്ങിനെ ഒരു പദ്ധതി നടപ്പിൽ വരുത്തുന്നതുനിമിത്തം ഗവണ്മെൻറിനു നേരിടേണ്ടിവരുന്ന സാമ്പത്തികവൈഷമ്യത്തെപ്പററി ഞാൻ ആലോചിക്കാതിരിക്കുന്നില്ല. ഒന്നാംതരം അരിക്ക് ഇപ്പോൾ ഉള്ളതിൽനിന്നും കൂടുതൽ വില വസൂലാക്കുന്നതുകൊണ്ട് തന്നെ ഏറെക്കുറെ പരിഹാരം ഉണ്ടാക്കാം. അതിലും വിശേഷിച്ച് ഇത്രയും പ്രധാനപ്പെട്ട ഒരു കാര്യത്തിൽ ആണെങ്കിൽ ഒരു അൻപതു ലക്ഷമൊ അതിൽ കവിഞ്ഞൊ വരുന്ന തുക ചെലവാക്കേണ്ടിവന്നാലും ജനങ്ങളുടെ ഏററവും മൌലികമായ ഈ ആവശ്യം നിർവഹിക്കുന്ന കാര്യത്തിൽ അധികമായിരിക്കുകയില്ലാ എന്നും ഗവണ്മെൻറ് അതു ചെയ്യേണ്ടതാണ് എന്നും ആണ് എന്റെ വിനീതമായ അഭിപ്രായം.

ഈ ആഹാരപ്രശ്നത്തെ സംബന്ധിച്ച് വേറെ ഒരു കാര്യംകൂടി ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. അടുത്ത ബഡ്ജററിൽ മത്സ്യവ്യവസായം വർദ്ധിപ്പിക്കുന്നതിനും പരിഷ്കരിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ ചെയ്യുകാണുന്നു. മത്സ്യവ്യവസായം ഇന്നത്തെക്കാൾ വളരെ വർദ്ധിപ്പിക്കുവാൻ കഴിയുമെന്നാണ് ചില കണക്കുകൾകൊണ്ട് കാണുന്നത്. കടൽതീരത്തിൽ ഒരു മൈൽ വിസ്തീർണ്ണം വരുന്ന ഒരു യൂണിററിൽനിന്നും ബ്രിട്ടന് ൨൯,൦൦൦ രൂപക്കും, ജപ്പാന് ൧൩,൦൦൦ രൂപക്കും, അമേരിക്കക്കു ൧൪,൦൦൦ രൂപക്കും, തിരുവിതാംകൂറിന് ൩൧,൦൦൦ രൂപക്കും വിലയുള്ള മത്സ്യം പിടിച്ചുവരുന്നു. വേറൊരു രൂപത്തിൽ പറഞ്ഞാൽ ഒരു യൂണിററിൽനിന്നും ജപ്പാന് കിട്ടുന്ന മത്സ്യത്തെക്കാൾ നാലിരട്ടി വിലയുള്ള മത്സ്യം ഇന്ന് തിരുവിതാംകൂറിന് കിട്ടുന്നുണ്ടു. പക്ഷെ കടൽതീരത്തുനിന്നും പരമാവധി അഞ്ചാറു മൈലിനപ്പുറം നമ്മുടെ മത്സ്യം

[Mr. V. K. Velayudhan]

പിടിത്തക്കാർ പോകുന്നില്ല. ജപ്പാനിലും ബ്രിട്ടനിലും അമേരിക്കയിലും മററും ഈ വ്യവസായം പോഷിപ്പിച്ചിരിക്കുന്നതുപോലെ ഇവിടെയും പോഷിപ്പിക്കുകയാണെങ്കിൽ ആ രാജ്യങ്ങളിൽ ഈ വ്യവസായത്തിനു സിദ്ധിച്ചിട്ടുള്ള അഭിവൃദ്ധിയുടെ നാലിരട്ടിയോ അതിൽ കവിഞ്ഞോ ഉള്ള നില ഇവിടെ വരുന്നതാണ്.

MR. T. K. NARAYANA PILLAI: ഇതിനെപ്പററി ഇതിനുമുമ്പ് നടത്തിയിട്ടുള്ള ഗവേഷണങ്ങൾ കൊണ്ട് ഇതു് ദുസ്സാദ്ധ്യമായ ഒരു സംഗതിയാണെന്നു തെളിയപ്പെട്ടിട്ടുണ്ടോ?

MR. V. K. VELAYUDHAN: മത്സ്യവ്യവസായം അഭിവൃദ്ധിപ്പെടുത്തുന്ന കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ വരികയും അതിനെപ്പററി ചില ഗവേഷണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ടെന്നാണ് എൻെറ അറിവ്.

ഏതായിരുന്നാലും ഇതിൻെറ സാദ്ധ്യതയെപ്പററിമാത്രം ഞാൻ ഇവിടെ പറയുകയാണു ചെയ്തതു്. ഇങ്ങനെ ഈ മത്സ്യവ്യവസായം അഭിവൃദ്ധിപ്പെടുമ്പോൾ നാട്ടിലെ ആഹാരപ്രശ്നത്തിനു ഒരു പരിഹാരം വരുകയും നാട്ടിൻെറ സമ്പൽസമൃദ്ധി ഈ തോതനുസരിച്ചു ഉയരുകയും ചെയ്യും. ആഹാരത്തെ സംബന്ധിച്ചു ഒരു കാര്യംകൂടി പ്രസ്താവിച്ചുകൊള്ളട്ടെ. ഇവിടത്തെ അബ്കാരിയിൽനിന്നുമുള്ള വരവു വളരെ വർദ്ധിച്ചിട്ടുണ്ടു്. എന്നാൽ ആ വരവു വർദ്ധിക്കുന്നതിനനുസരണമായി ജനങ്ങളുടെ ക്ഷേമവും ഐശ്വര്യവും വർദ്ധിച്ചിട്ടുണ്ടോ എന്നുള്ള കാര്യം തർക്കവിഷയമാണ്. കള്ളു ജനങ്ങൾക്കു ഏററവും പ്രയോജനപ്പെടുന്ന രൂപത്തിൽ വിനിയോഗിക്കാമെന്നാണു എൻെറ അഭിപ്രായം. കള്ളുപുളിക്കുമ്പോൾ മദ്യമായിത്തീരുന്നു. വേണ്ട ഗവേഷണം നടത്തിയാൽ കള്ളു പുളിക്കാതെ സൂക്ഷിക്കുന്നതിനും അതു ഏററവും ഉത്തമമായ ഒരു ആഹാരസാധനമായി ഉപയോഗപ്പെടുത്താൻ കഴിയുമെന്നും പലരും പറഞ്ഞുകേട്ടിട്ടുണ്ടു്. അങ്ങിനെ ഇവിടത്തെ ആഹാരപ്രശ്നത്തിനു ഒരു പരിഹാരം വരുത്തുക മാത്രമല്ല വിദേശമാർക്കററുകളിൽ രുചിയിലും പോഷകാംശത്തിലും ഇത്രയും പ്രാധാന്യമർഹിക്കുന്ന ഈ പാനീയം വിററഴിച്ചു ആ നിലയിൽ ചെത്തുതൊഴിൽ ഒരു വലിയ വ്യവസായമായിത്തീരുന്നതുമാണ്. സർ. ഇവിടത്തെ ഡർബാർ ഫിസിഷ്യൻ ആയിരുന്ന ഡാക്ടർ രാമൻതമ്പി ഒരിക്കൽ പ്രസ്താവിച്ചതു കള്ളും, കപ്പയും, മത്സ്യവും ഒന്നിച്ചുചേർന്ന ആഹാരസാധനത്തേക്കാൾ വിററാമിനും പ്രോട്ടീനും മററു പോഷകാംശവുമുള്ള ആഹാരം വേറെയില്ലെന്നാണ്.

MR. SANKARANARAYANAN TAMPI : ഇതു് ഡാക്കർ രാമൻതമ്പി പറഞ്ഞുകേട്ടതാണോ അതോ മെമ്പർക്കു അനുഭവം കൊണ്ടറിയാമോ?

MR. V. K. VELAYUDHAN : ഈ വിഷയത്തെപ്പറ്റി എന്നേക്കാൾ വളരെ കൂടുതലായ അനുഭവജ്ഞാനമുള്ള മെമ്പർ എന്നോടു് ചോദിച്ചറിയുവാൻ ശ്രമിക്കേണ്ടതില്ലായിരുന്നു.

PRESIDENT : The debate in this House is always a difficult task but the debate will become impossible if either motives are attributed or any insinuation exchanged. Although put in a most disarming manner the question obviously insinuated that Mr. Velayudhan had considerable experience of the intoxicant or non-intoxicant qualities of the particular article he was speaking about. That is a question which is improper in origin and ought never to have been put to a colleague of this House. I am sorry that the experience of Mr. Velayudhan did not prevent him from naturally retorting in the manner in which he might retort outside the House but in which we hope that for the purpose of keeping up the traditions of this House he will not retort here. I have great faith in the loyalty to traditions of Mr. Velayudhan and I appeal to the honourable members that in all discussions that they embark upon no personal motives and no personal insinuations will be allowed.

MR. SANKARANARAYANAN TAMPI : A word of personal explanation, Sir. I did not ask whether he drank, I only ask whether he has experience.

PRESIDENT : The explanation makes the case worse. I ask the honourable member to withdraw his remarks.

MR. SANKARANARAYANAN TAMPI : Yes, I withdraw, Sir.

MR. V. K. VELAYUDHAN : ഈ ഹൗസിൽ നടത്തേണ്ട വാദഗതികളിൽ അനുഷ്ഠിക്കേണ്ട രീതിയെസംബന്ധിച്ച് അങ്ങു നൽകിയ ഉപദേശം എന്നെ സംബന്ധിച്ചിടത്തോളം ആദരണീയമാണെന്നും ആയതു് ഞാൻ അനുസരിക്കുന്നതുമാണെന്നുള്ള വസ്തുത ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. മദ്യത്തെ സംബന്ധിച്ചല്ല ഞാൻ പ്രസ്താവിച്ചുകൊണ്ടിരുന്നതു്. കള്ളു പുളിക്കാതെ സൂക്ഷിക്കുകയാണെങ്കിൽ അതു മദ്യമാകുകയില്ല. കള്ളു പുളിക്കാതെ സൂക്ഷിച്ചാൽ അതു ഒരു ഒന്നാംതരം ആഹാരസാധനം ആകുന്നതിനും പുറമേ വിദേശമാർക്കറ്റുകളിൽനിന്നും ധാരാളം ധനം സമ്പാദിക്കുന്നതിനുള്ള ഒരു മാർഗ്ഗം കൂടിയാണെന്നുമാണു ഞാൻ പ്രസ്താവിച്ചതു്.

MR. C. K. SANKARA PILLAI : പുളിക്കാത്ത കള്ളു ആഹാരത്തിനു പകരം ഉപയോഗിക്കാമെന്നാണോ എന്റെ ബഹുമാന്യസ്നേഹിതൻ പറയുന്നതു്?

MR. V. K. VELAYUDHAN : അതുതന്നെയാണ് ഞാൻ പറഞ്ഞുകൊണ്ടു വരുന്നതു്. ഡാക്ടർ രാമൻതമ്പി ഒരിക്കൽ പരസ്യമായി ചെയ്ത പ്രസ്താവനയിലേയ്ക്കു ഈ ഹൗസിന്റെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. ഈ സംഗതികളെ സംബന്ധിച്ച് വേണ്ട ഗവേഷണം നടത്തണമെന്നാണു എന്റെ അഭിപ്രായം.

MR P. K. KUNJU : (*Ampalapuzha cum Shertali*) പുളിക്കാത്ത കള്ളു സാധാരണ ചില പലഹാരങ്ങൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്നതായി മെമ്പർക്കറിയാമോ?

MR. V. K. VELAYUDHAN : അറിയാം. മധുരക്കള്ളു പലഹാരങ്ങൾക്കു ഉപയോഗിക്കുന്നുണ്ട്.

MR. C. K. SANKARA PILLAI : ചോറിനു പകരം കള്ള് ഉപയോഗിക്കാമെന്നാണോ മെമ്പർ പറയുന്നതു്?

MR. K. G. KUNJUKRISHNA PILLAI : On point of order, Sir. It is out of order to put a sort of argument in a question.

PRESIDENT : Supposing the question cannot be put without such kind of argument.

MR. V. K. VELAYUDHAN : സർ, ബഡ്ജററിൽ ഇങ്ങനെ ഈ നാട്ടിലെ ജനങ്ങളുടെ ആഹാരകാര്യത്തിൽ എല്ലാവരും സുഭിക്ഷമായി കഴിയുന്നതിനുള്ള സ്ഥിതി വരുത്തുന്നതിനു വേണ്ട പദ്ധതികളെല്ലാം ആസൂത്രണം ചെയ്യുകയും അതു നടപ്പിൽ വരുത്തുന്നതിനു വേണ്ട സംഖ്യകൾ നീക്കിവെയ്ക്കുകയും ചെയ്തിട്ടുണ്ട്. യുദ്ധാനന്തരമുണ്ടാകാവുന്ന ക്ഷാമത്തെ പരിഹരിക്കുന്നതിനുവേണ്ടി യുദ്ധാനന്തരപുനസംവിധാന പദ്ധതികളും ചെയ്തിട്ടുണ്ട്. എന്റെ അഭിപ്രായത്തിൽ ഒരു വ്യവസായത്തിനു മററെല്ലാത്തിനേക്കാളും പ്രാധാന്യം കൊടുക്കേണ്ടതായിട്ടിരിക്കുന്നു. ഇതുവരെയുമോ ഇനി ഏതാനും കൊല്ലക്കാലത്തേക്കോ ഇവിടെ ആരംഭിച്ചിട്ടുള്ള വ്യവസായങ്ങൾ എത്രതന്നെ പുഷ്ടിപ്പെട്ടുവന്നാലും, കയർ വ്യവസായത്തിനുള്ള സ്ഥാനം വേറെ യാതൊരു വ്യവസായത്തിനും കാണുകയില്ലതന്നെ. അതിന്റെ പ്രാധാന്യത്തെ നല്ലവണ്ണം മനസ്സിലാക്കി ദിവാൻജി അവർകൾ, ഇൻഡ്യാഗവണ്മെൻറും സപ്ലൈ ഡിപ്പാർട്ടുമെൻറുമായിട്ടു ആലോചനകൾ നടത്തി നമുക്കനുകൂലമായി തീരുമാനങ്ങൾ ചെയ്തിട്ടുണ്ടു. ഈ അടുത്തകാലത്തു ബംഗാൾ ചണയും ഹെമ്പും നമ്മുടെ ഈ വ്യവസായത്തെ സാരമായി അധഃപതിപ്പിക്കുവാൻ തുടങ്ങിയ സന്ദർഭത്തിൽ അങ്ങയുടെ ധീരമായ നേതൃത്വവും സേവനവും ഈ വ്യവസായത്തെ രക്ഷപ്പെടുത്തി. പക്ഷേ ഇനിയും പലതും ചെയ്യുവാനുണ്ടെന്നാണു എന്റെ വിനീതമായ അഭിപ്രായം. കയററിൽ ഏതാനും ചില ഇനങ്ങളുടെ

വില കൺട്രോൾ ചെയ്തിട്ടുണ്ട്. ആ വ്യവസായത്തെ സാരമായി സ്പർശിച്ചിരിക്കുന്നു. ഇതിനെല്ലാം ഒരു പരിഹാരം ഞാൻ നിർദ്ദേശിക്കുന്നതു ആലപ്പുഴയിൽ ഗവണ്മെന്റിന്റെ ചുമതലയിൽ ഒരു സെൻട്രൽ ഡിപ്പോ തുറന്നു ഗവണ്മെന്റുതന്നെ കയർ നേരിട്ടു വാങ്ങണമെന്നുള്ളതാണ്. ഇതു ൧൧൧൭-ലെ എക്കണോമിക്കു ഡവലപ്പുമെന്റു ബോർഡു നിർദ്ദേശിച്ചിട്ടുള്ളതാണ്. അതിനുവേണ്ട പണമെല്ലാം ഇന്നത്തെ വരവിൽനിന്നുതന്നെ എടുക്കണമെന്നു എനിക്കു അഭിപ്രായമുണ്ട്. ഇപ്പോഴുള്ള വരവു ഇന്നത്തെ ആവശ്യത്തിനു വിനിയോഗിക്കുകയും ഭാവിയിലെ നന്മയെ ഉദ്ദേശിച്ച് ഉണ്ടാക്കുന്ന പദ്ധതികളുടെ ഭാരവാഹിത്വം ഭാവിതലമുറകൾക്കുതന്നെ വിടുകയും ചെയ്യേണ്ടതാണ്. ഇന്നത്തെ പണം ഇന്നു വിനിയോഗിക്കണം. ഞാൻ ഒരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ. അങ്ങു ജനപ്രതിനിധികളുടെ സഹകരണം ആവശ്യപ്പെട്ടു. ഞാൻ ഉൾക്കൊള്ളുന്ന പാർട്ടിയുടെ ലക്ഷ്യം ഞങ്ങളുടെ തെരഞ്ഞെടുപ്പു കാലത്തുതന്നെ ഇലക്റ്ററേറ്റു മുമ്പാകെ വച്ചിട്ടുണ്ട്. ആ നയം അനുസരിച്ച് ഗവണ്മെന്റുമായി സഹകരിച്ച് ജനകീയാഭിലാഷങ്ങൾ നേടിക്കൊടുക്കുന്നതിനു ശ്രമിക്കുന്നതാണെന്ന് തിരഞ്ഞെടുപ്പുകാലത്തു ഞങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഇതു ഞങ്ങളുടെ എലക്ഷൻ മാനിഫെസ്റ്റോവിലും പ്രസ്താവിച്ചിട്ടുണ്ട്. അങ്ങയുടെ ആ ലക്ഷ്യം നടപ്പിൽ വരുത്തുന്നതിനു കീഴ്സിൽബന്ധികൾ വേണ്ടവണ്ണം ശ്രദ്ധ പതിപ്പിക്കുന്നുണ്ടോ എന്നുള്ളതു സംശയമാണ്. ഏററവും മര്യാദപൂർവമായ പെരുമാററത്തിനു അങ്ങു ഒരു മാതൃകയാണ്. ആ മാതൃക ഇന്നും അങ്ങയുടെ കീഴ്സിൽബന്ധികൾ നല്ലവണ്ണം പാലിക്കുന്നില്ല എന്നുള്ള സംഗതി പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഈ ഹൌസിൽതന്നെ ദൈനംദിനം ജനപ്രതിനിധികളുമായി സഹകരിക്കേണ്ടിവരുന്ന ചില ഉദ്യോഗസ്ഥന്മാരിൽപോലും ഗർവും അഹങ്കാരവും കാണുന്നു എന്നു പ്രസ്താവിക്കേണ്ടിവന്നതിൽ മനസ്താപിക്കുന്നു. ഈ വിഷയത്തെ സംബന്ധിച്ച് പല പ്രാവശ്യം പ്രസംഗങ്ങൾ മുഖേനയും സർക്കുലർകൾ മുഖേനയും വേണ്ട നിർദ്ദേശങ്ങൾ അങ്ങു നൽകിയിട്ടുണ്ട്. ഞാൻ ഇത്രയും പറയേണ്ടിവന്നതിൽ ഖേദിക്കുകയും അങ്ങയുടെ ദൃഷ്ടാന്തപരവും ഉപദേശപരവുമായുള്ള നിർദ്ദേശങ്ങൾ ഇവിടത്തെ ഉദ്യോഗസ്ഥവൃന്ദം പൊതുവായി സ്വീകരിക്കുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

MR. K. A. MATHEW: Sir, I rise to make my comments on the financial statement presented to the House by the Financial Secretary and on the policy of Government underlying it. As I face the task before me, I am overwhelmed by a sense of responsibility as I represent a very important party in this House.

[Mr. K. A. Mathew]

Sir, the country has in very unmistakable terms declared in the recent elections, despite the obstacles thrown in the way, that it is behind the State Congress. Sir, we are aware of the obstacles thrown in our way by the Government and in spite of that we are here as a strong body. I wish the Government should recognise this fact and realise that this movement for political advancement cannot be set at naught.

PRESIDENT: Does the honourable member want Government to realise that they have put obstacles in the way of the State Congress? Is that the realisation that the honourable member wants Government to have?

MR. K. A. MATHEW: I want Government to realise that the country is behind the State Congress.

PRESIDENT: The honourable member is entitled to that view certainly.

MR. K. A. MATHEW: Sir, I want to assure the Government that our conduct in this House and our attitude towards Government measures will not be dictated by a spirit of opportunism or sycophancy. We are not here to sing the panegyrics of the head of the administration or of the other officers.

PRESIDENT: That is a very good policy.

MR. K. A. MATHEW: You began the proceedings yesterday with an absolutely uncalled-for, unwarranted, attack on the State Congress.

PRESIDENT: I want to make it clear again so that the remarks might be fully made and criticism might be free and spontaneous. It is still the feeling of Government that the State Congress undere its present leadership is allying itself improperly with students and with labour and is not going back upon the policy of the past.

MR. K. A. MATHEW: Sir, I am entitled to make our statement on this matter.

PRESIDENT: Yes, please.

MR. K. A. MATHEW: You said in justification of Government interference in the recent elections that the State Congress was responsible for all the disturbances in the State.

PRESIDENT: You must not make inaccurate statements. I did not say that there was any interference in the elections. I simply said that the opinion of Government was very well known to everybody. If that is interference, then the honourable member can have his conclusions.

MR. K. A. MATHEW: You said yesterday, Sir, that the State Congress was responsible for all the disturbances in the State, including murders, arson, etc. Sir, I hasten to repudiate that statement. From the fact—

PRESIDENT: Members of the Congress, enrolled members of the Congress, were responsible, and they were convicted for arson, murder of a Police Inspector, burning of motor cars, breaking down bridges—these were all done by enrolled members of the Congress.

MR. K. A. MATHEW: I rise to a point of order. I want to know whether these statements are made by you as President of the Assembly or as Dewan.

PRESIDENT: I am making this statement as Dewan and my statement may be criticized.

MR. K. A. MATHEW: As President, you are not entitled to make that statement.

PRESIDENT: It is impossible to separate the functions of the President from those of the Dewan when he is presiding. If the honourable member had read "Selections from the Rulings from the Chair" he would have found a ruling on the very subject. It is impossible to distinguish between the Dewan as the Head of the Administration and the President of the Assembly because unlike other Assemblies the Dewan is also the President Ex-officio. But in order to allow the utmost possible freedom of discussion on the matter I have allowed honourable members to attack the policy of the Government and the Dewan and I do not want to take refuge under my unassailability as President.

MR. T. K. NARAYANA PILLAI: I beg your permission to talk on this subject.

PRESIDENT: The honourable member is out of order.

MR. K. A. MATHEW: I wish to make it clear that the responsibility for the untoward happenings to which you made reference yesterday has to be laid at the door of the Government. They were the consequence of the absolutely unwarranted policy of ruthless repression that was pursued by Government. The State Congress has disclaimed responsibility for such incidents and has asked for an impartial enquiry into those happenings. Government had not the courage to face such an enquiry. It is strange that you are indulging in such baseless charges even today. As for the interference by Government in the elections the Dewan in his usual way could have exercised his power arbitrarily and prohibited the State Congress from contesting the elections.

MR. K. G. KUNJUKRISHNA PILLAI: Sir, I rise to a point of order. The same point was raised yesterday and the leader of the State Congress party accepted the ruling.

PRESIDENT: The leader of the party may say something and another member of the same party may say something exactly opposite. There is nothing to prevent that especially after a day has elapsed.

MR. K. A. MATHEW: You could have prevented the State Congress from contesting the elections.

MR. K. G. KUNJUKRISHNA PILLAI: Sir, I rise to a point of order. This question is entirely out of order in the general discussion of the Budget.

PRESIDENT: The Legal Remembrancer would have been right if that was conducted along the ordinary lines. But deliberately I announced the policy of the Government yesterday and invited criticism by members of the State Congress Party and all other members. Therefore it is within their rights in responding to my invitation.

MR. K. A. MATHEW: But when once the State Congress was free to contest, the Government should have had the fairness and sense of responsibility to see that elections were allowed to be conducted fairly. We want to serve the best interests of our country. We are in earnest. We shall not equivocate. And we shall be heard.

MR. KADAKAVOOR P. MADHAVAN (*Chirayinkil* cum *Nedumangad*): Sir, I rise to a point of order. Is the honourable member in order in reading his speech?

PRESIDENT; When a statement is being made, when the Financial Secretary has to make his budget speech, when quotations are being made, where formal declarations are being made, when statements of importance are made; then honourable members are at liberty to read from manuscript. Otherwise they are expected to make speeches extempore although notes may be used to refresh their memories. Very often it has been noticed that those notes are an apology for the speech itself. I take it that it is a kind of statement that the honourable member is making.

MR. K. A. MATHEW: Yes, Sir. As Sir C. P. Ramaswami Aiyar said, in a recent statement "there are occasions when plain speaking at all costs becomes an elementary duty." Sir, we are here to discharge that elementary duty.

Sir, I do not propose to deal with the Financial Secretary's speech exhaustively, for the time at my disposal is very limited. I want to make only a few observations. The speech of the Financial Secretary has not impressed me at all. It does not inspire us to meet the problem and needs of the country with courage and vision.

PRESIDENT: This is undoubtedly reading from a manuscript.

MR. K. A. MATHEW: I saw yesterday a few of the honourable members reading from manuscripts.

PRESIDENT: I have stated in the House, and if honourable members will look into May's *Parliamentary Practice* and the proceedings of the Indian Legislative Assembly, they will find that members are allowed to consult their notes for figures and illustrations of that kind. But a speech itself cannot be read.

MR. K. A. MATHEW: Nor has the speech of the Dewan had a more favourable impression on me. The speeches do not appear to me to bear the marks of close contact with the real needs of the people or of appreciation of the spirit that moves them. The Dewan's speech was regretfully bereft of any attempt at understanding the political aspirations of the people. The Financial Secretary may congratulate himself for showing an increase in the revenue to the peak figure of 532·19 lakhs of rupees which was never reached before in the history of the State's finances. This rise in revenue is conspicuously due to the increase in the consumption of liquor, as the Financial Secretary has admitted with considerable satisfaction. I am really sorry to find that the Financial Secretary or the Dewan has not felt any concern at the demoralisation of the people. Government have no compunction about this source of revenue derived at the cost of the moral and physical deterioration of the people.

PRESIDENT: I suppose the honourable member is aware that every Province in India which introduced prohibition has abolished it. It has proved a failure in Madras, Bombay, Central Provinces and the United Provinces. Illicit tapping and illicit distillation have been proceeding at such a great pace throughout the time that prohibition was in force that all the Governments in India today have abolished prohibition.

MR. K. A. MATHEW: That is no justification for me not to plead for prohibition in the country. No Government, Sir, which has the true welfare of the people at heart can view such a disquieting situation with equanimity. Since reference has already been made to this point, I do not wish to enlarge upon it.

Sir, on going through the statement of liabilities of the State, I find that there is an item of special loans to the tune of 1½ crores. The Financial Secretary has not explained to us in the Budget Memorandum or in his speech how these special loans were raised and from whom and what the rate of interest is. I wish the Financial Secretary would explain that to us in the course of his reply.

MR. PULIYOOR T. P. VELAYUDHAN PILLAI: May I know whether honourable member has gone through the Budget Memorandum that has been supplied to the members along with the Budget?

MR. K. A. MATHEW: Yes, Sir.

MR. PULIYOOR T. P. VELAYUDHAN PILLAI: May I know whether there is not detailed information given with regard to this point in that Memorandum?

MR. K. A. MATHEW: I was not able to find anything; how the loans were raised, from whom, and the rate of interest, I suppose the Financial Secretary will explain it in the course of his reply.

PRESIDENT: As it is sought to impute some kind of suspicion to this transaction, I may say that these are loans given by the Palace and certain Departments connected with the Palace to the State on an interest of 3½ per cent.

MR. K. A. MATHEW: Now I come to the expenditure side. The Government have invested Rs. 13·14 crores for the purchase of foodstuffs. On going through the Budget Memorandum I find that it is non-votable. Am I correct, Sir?

PRESIDENT: The honourable member cannot ask questions to the Chair.

MR. K. A. MATHEW: I feel that such an important item as food control should not be excluded from the purview of the Legislature.

PRESIDENT: Has not the honourable member read the Budget Memorandum and the Budget? There is not one pie which is not put before the Legislature. If the honourable member will not read or understand the Budget Memorandum it is nobody's fault.

MR. K. A. MATHEW: On page 111 of the Budget Memorandum there is the item of expenditure on food and other control measures. At the end of the page there is a note saying that these items are non-votable.

PRESIDENT: Honourable members know our rules on the subject. Section 28 says :—

> "The proposals of Our Government for the appropriation of revenue or moneys relating to the following heads of expenditure shall be submitted to the vote of the Assembly or the Council, nor, unless Our Dewan otherwise directs, shall they be open to discussion by either Chamber at the time when the Budget is under consideration :
>
> (a) expenditure relating to any matter removed from the cognisance of either Chamber by Section 17 of this Act
>
> (b) expenditure which is obligatory under any law
>
> (c) Pensions and gratuities granted by Us or with Our sanction or under Rules sanctioned by Us
>
> (d) Salaries and allowances of officers—
>
> (i) Appointed by Us under Our Sign Manual, —— or
>
> (ii) whose appointments are specified in this behalf in the Rules made under this Act ;
>
> (e) interest on loans and sinking-fund charges ;
>
> (f) contributions made by Us or with Our sanction ; and
>
> (g) expenditure classified by Our Government as
>
> (i) Maramat, and (ii) Political."

So there are certain interests on loans and sinking funds charges which are precluded from the purview of the Legislature. Honourable members will therefore see that certain items are precluded from discussion and classed as non-votable items. But honourable members can ask for permission to discuss on such items and I shall deal with the matter.

MR. K. A. MATHEW: So my contention is right. I said that the expenditure on food control is non-votable.

Another instance of the disregard shown to this House by the Government is in the recent revision of the salaries of the Government servants without reference to it. The Government thought the most opportune time to do it was after the dissolution of the last Assembly. I enter my emphatic protest against the action of the Government in refusing to consult us on this important question. I cannot understand the haste with which the Government proceeded with the question. I take it as an act of disrespect to this House. No principle has been adhered to by the Government in this revision. Sir, the unconscionably heavy increment in the salaries of some high officials is objectionable and I condemn it. It is the servants of the Government in the lower and the intermediate grades that really stand in need of substantial increase of their emoluments. We have a very top-heavy administration. But in spite of very high salaries there is inefficiency and corruption in several departments.

The revenue and expenditure of the State have been increasing from year to year. Costly capital works are under progress or proposed to be undertaken. Sir, I strongly feel that our financial position, programmes and methods should be reviewed in detail by a body of experts from outside. Mysore Government is contemplating such an action. I would urge the Travancore Government also to do it.

Sir, the Post-war Reconstruction programme adumbrated in the Dewan's speech is not going to grip the imagination of the people. We have been hearing of some of the schemes in it for the last so many years.

The industrial concerns about which the Dewan has been telling us time and again, have not meant much for the people of Travancore. They are chiefly helping to fill the coffers of capitalists from outside. They are not going to benefit the poor people of the country. The war has engendered a wide spread desire that the standards of living of the people should be better than what they have been before. His Excellency the Viceroy recently said, "Our great aim must be to plan for economic and social development so as to raise our standards of living and general welfare. We must lift the poor man of India from poverty to security, from ill-health to vigour, from ignorance to understanding, and our rate of progress must no longer be at bullock-cart standard but at least at the pace of the handy and serviceable jeep." The schemes proposed to be opened or already opened in Travancore, I am afraid, will not help in any substantial way to lift the poor man of Travancore.

The development of agriculture and the consequent growth of more food crops cannot be effected without a well-planned scheme of irrigation works for the whole State. This very important matter has to be considered by this House. In view of its urgent need and importance to the country I would impress upon the Government the necessity of organising a separate department with a special staff to look after irrigation. Much investigation and survey have to be done in this direction.

I am glad that the Government are contemplating to introduce compulsory primary education in the State beginning with the City of Trivandrum. About 50 per cent of the children of school-age, according to the Statham Report, remain to be brought under instruction. What I want to stress is that the primary stage of education should be lengthened to fourteen instead of from 6 to 11, as contemplated in the Financial Secretary's Statement. I do not find any proposal for the liquidation of adult illiteracy in the post-war reconstruction programme. I wish that it is also included. The Sargent Scheme and the Statham Report have made reference to it and in fact emphasized this aspect at great length.

Regarding University Education, I am not very sanguine over the Educational Reforms Committee which has been appointed by the Government, because the personnel of the committee is composed of

[Mr. K. A. Mathew.]

men with only stereotyped ideas and who have no vision of the future of the country or of that of the young men of the land. I would only hope that this Committee would give a new lead and direction to education in Travancore.

The Dewan has described to us at great length the post-war reconstruction scheme. I wonder how the Government are going to get these schemes carried out. Are they going to do it without the willing co-operation of the people? Have the Government envisaged the co-operation of the people? How can the Government secure the hearty co-operation of the people and ask them to put their heart into the job unless the people themselves have a hand in the shaping of the policy of the Government?

Sir, I want the Government to realise that the atmosphere in Travancore is demoralised. The greatest disservice that the present administration has done is the creation of a spirit of suffocation, a spirit of suppression, in the country. The discontent in the country is wide-spread. There is very little freedom. The Press has no liberty; the people have no voice.

PRESIDENT: Order, order The honourable member should not read his notes.

MR. K. A. MATHEW The people have no right even to exercise the right of franchise properly. Sir, what took place in Trivandrum in the recent elections, have reminded me of what I witnessed in Fascist Italy and Nazi Germany just before the outbreak of the war. I say that the conduct of the officers in regard to the election in Trivandrum was scandalous. The Government officers were interfering in the election and canvassing votes for their candidate. Is this, Sir, I ask, the method of conducting elections? Elections are meant to be free. The privilege of casting one's vote is a sacred one. And yet we have had in Travancore arbitrary and free interference by officers in the elections held recently. Now, if the Government did not want the State Congress to contest the elections, they could have very easily prohibited them from doing so, but, on the other hand, instead of doing that, the Government were resorting to questionable methods. I charge the Government with inteference in the elections.

PRESIDENT: The honourable member has two minutes more.

MR. K. A. MATHEW: The Press here is completly muzzled. It has very little freedom. It cannot express what it feels. It does not reflect the opinion of the people of the country. The Government have nominated three journalists to the legislature. What is the purpose of nominating three journalists but to subsidise and control them? Is it not for controlling the opinion of the Press in Travancore?

MR. K. G. KUNJUKRISHNA PILLAI: Is it in order, Sir?

PRESIDENT: It is an insinuation on the honourable members of the House and must be withdrawn. The suggestion is that because a person is nominated to the Legislature, he is thereby subsidised or financed, and that, therefore, the member loses independence. That is a charge against the Legislature as well. And it should not be made on the floor of the House. Will the honourable member kindly withdraw his statement?

MR. K. A. MATHEW: I did not mean to cast any insinuation on the particular journalists who are represented in this Assembly.

PRESIDENT: Order, order. The representatives of the Press have been in every Legislature in the world. They get in sometimes by election; sometimes they are nominated. Even in England nomination takes place by their being elevated to the Peerage and thereby becoming members of the Legislature of the country. There are 9 newspaper editors and proprietors who are members of the House of Lords at this time and who are therefore members of the Parliament. Nobody has said in England that because they became members of the Legislature they abandoned their independence and integrity. There were members of the Press nominated to the Imperial Legislative Assembly in the old days and in the present Central Legislative Assembly also there are members of the Press. Some of them are among the foremost critics of Government. To say, therefore, that it is wrong to nominate members, that the members have been subsidised, or financed or that the policy of Government in nominating them is wrong, is to make an aspersion on the nominated members of the House.

I do not want to pull up members, especially those who belong to a certain party which has declared its policy this morning. But at the same time I would appeal to my honourable friend, Mr. Mathew, to see that such an insinuation, such an aspersion on fellow-members is not indulged in as that would not certainly be conducive to the harmony that must exist amongst the members of the House.

MR. K. A. MATHEW: It is clear from the President's statement that journalists in England become members of the House of Lords only by virtue of their being Peers. They are not nominated or elected as journalists.

PRESIDENT: When a candidate does not get elected or is defeated in the election to the House of Commons, the Government might still want his services for advice; so, they promptly nominate him to the House of Lords and make him a Peer. Mr. Snowden was defeated in election. But his services, on account of his financial talents were so indispensable that the Government made him a Peer. But people in England do not say that the nomination to the Legislature in England is done by making a person a Peer!

MR. K. A. MATHEW: But they are not nominated as journalists. They are made Peers and in that capacity come into the Legislature.

PRESIDENT: Lord Northcliffe and Lord Barry were nominated to the House as proprietors of eminent newspapers such as *The Daily Mail* etc.

MR. K. A. MATHEW: But they came into the House as Peers.

I do not mean any personal aspersion. The Press has been given undue representation in the Legislature and that is not the right way of making a nomination.

Now, Sir, in your budget speech the other day you said that the State would not countenance Pakistan; I take it that it is only your personal view.

PRESIDENT: Order, order, Those views are made on behalf of the State and as representing the Government of the State and I may also say that that view has been upheld this morning by His Excellency the Viceroy.

MR. K. A. MATHEW: I Suppose you did not speak on behalf of 60 lakhs of people in Travancore.

PRESIDENT: Certainly, I did. So long as the present situation continues, and so long as this Government continues, one man, (the head of the administration) is entitled to speak on behalf of His Highness, and His Highness is the custodian of the rights of the people and has the support of the sixty lakhs of people. There is, therefore, no other machinery which can speak on behalf of the sixty lakhs of people.

MR. K. A. MATHEW: May I know whether your view is a reflection of the opinion of the people of the State?

PRESIDENT: Whenever any Minister or any Head of Administration expresses a view—the view of the administration for the time being—he is supposed to make that statement on behalf of the whole population coming under that administration, and he will not have his statement challenged. The Dewan, speaking at any time on behalf of the people, is entitled to speak, and this House has no right to question that.

MR. K. A. MATHEW: On behalf of the State Congress and on behalf of the generality of the people in Travancore I must say that the Dewan's statement is wholly incorrect. (*Cries of 'No, No'.*) We want to have political reforms in the country. We do want to have political advancement in the country and I hope the Government would consider our aspirations with sympathy and understanding. Then only can Travancore take her legitimate place in the new India that is in the making. The old world is dead.

PRESIDENT: The honourable member has exceeded his time-limit.

MR. K. A. MATHEW: Just one more minute, Sir. The old world is dead. The future lies with those who can resolutely turn their back on it, and face the new world with understanding, courage and imagination.

MR. K. R. NARAYANAN : സർ, അഭിനന്ദനാർഹവും ആശാവഹവുമായ ബഡ്ജററ്, വിമർശനവിഷയമാക്കുന്നതിനുമുമ്പ്, കഴിഞ്ഞ നിയമസഭാതെരഞ്ഞെടുപ്പു സംബന്ധിച്ചു രണ്ടു വാക്കു സംസാരിക്കേണ്ടതു ഏററവും അത്യാവശ്യമായി വന്നിരിക്കുന്നു. രാജ്യം മുഴുവനും തങ്ങളുടെ പിന്നിലുണ്ടെന്നു ഉൽഘോഷിക്കുന്ന സ്റ്റേററുകാൺഗ്രസ്സുകാർ, അവരിൽ ഓരോരുത്തരുടേയും പിന്നിലുള്ളതു് കാൺഗ്രസ്സാണോ, അവരവരെ പ്രസവിച്ച സമുദായമാണോ എന്നു ചിന്തിച്ചുനോക്കട്ടെ. കാൺഗ്രസ്സ്ടിക്കററിൽ ജയിച്ചുവന്ന മാന്യന്മാരെല്ലാംതന്നെ അവരവരുടെ സമുദായക്കാർക്കു ഭൂരിപക്ഷമുള്ള നിയോജകമണ്ഡലത്തിൽ നിന്നാണെന്നു വ്യക്തമായി തെളിയുന്നുണ്ട്. ക്രിസ്ത്യാനികൾക്കു മഹാഭൂരിപക്ഷമുള്ള വൈക്കം—കോട്ടയം നിയോജകമണ്ഡലത്തിൽ കാൺഗ്രസ്സുകാർ ഒരു ക്രിസ്ത്യാനിയേയും ഒരു നായരേയും നിറുത്തി. നായർ തോററു. ക്രിസ്ത്യാനി ജയിച്ചു. ജയിച്ചു മാനം കാൺഗ്രസ്സുകാർക്കാണെങ്കിൽ തോററ അപമാനം ആർക്കാണ്? ഈ തോൽവിയും ജയവും കാൺഗ്രസ്സുകാർ ഘോഷിക്കുന്ന ദേശീയമനോവികാസത്തെയാണോ, സമുദായസ്നേഹത്തോടുകൂടിയ വോട്ടുവിതരണസമ്പ്രദായത്തെയാണോ, തെളിയിക്കുന്നതെന്നു ചിന്തിക്കുവാൻ വിഷമമില്ലല്ലോ. ഈഴവർക്കും മററും റിസർവ്വ ചെയ്തിട്ടുള്ള സീററുകളിലല്ലാതെ ഒരു പൊതു നിയോജകമണ്ഡലത്തിൽപോലും, സംവരണമുള്ള സമുദായങ്ങളിൽനിന്നു ആരെയും നിറുത്താതിരുന്നതു കാൺഗ്രസ്സുകാരുടെ സമുദായമനോഭാവത്തിന്റെ—സങ്കുചിതമായ ദേശീയതത്വത്തിന്റെ—മകുടോദാഹരണമാണ്.

MR. K. K. CHELLAPPAN PILLAI : മി. പി. എസ്സ്. നടരാജപിള്ള ഏതു സമുദായത്തിൽപ്പെട്ട ആളാണെന്നു മെമ്പറിനറിയാമോ?

MR. K. R. NARAYANAN : വെള്ളാളനും നായരും തമ്മിൽ എന്റെ ദൃഷ്ടിയിൽ അത്ര അന്തരമില്ല. അതു മാത്രമല്ല, വെള്ളാളസമുദായത്തിനു സാമാന്യം നല്ല നിയോജകശക്തിയുള്ള സ്ഥലത്തുനിന്നാണു മി. നടരാജപിള്ള ജയിച്ചിട്ടുള്ളതു്. എന്നോടെന്തോ ചോദിക്കുന്നതിനു മി. ഉദയഭാനു എഴുന്നേററു നിൽക്കുന്നു. കരുനാഗപ്പള്ളി—കാർത്തികപ്പള്ളി നിയോജകമണ്ഡലത്തിൽനിന്നും ഈഴവരുടെ മൊത്തം വോട്ടിനെക്കാൾ കൂടുതൽ വോട്ടോടുകൂടി മി. ഉദയഭാനു ജയിച്ചതെനിക്കറിയാം. മററുള്ളവർ അവരവരുടെ ആളുകളെ ജയിപ്പിക്കുവാൻ നിയോജകശക്തി ഉപയോഗിച്ചതിനു ശേഷം, നഷ്ടമില്ലാതെ കൊടുക്കുവാൻ കഴിയുന്ന—ഒരുവക വിശപ്പു മാറിയവന്റെ ധർമ്മം കൊടുക്കൽപോലെയുള്ള—വോട്ടാണു മി. ഉദയഭാനുവിനു കിട്ടിയതെന്നുള്ള കാര്യം സംഗതികൾ ശരിക്കു ചി

[Mr. K. R. Narayanan.]

ന്തിക്കുന്നവൎക്കറിയാം. ഒരു പൊതുനിയോജകമണ്ഡലത്തിൽ ഒരീഴവനേയോ, മുസൽമാനേയോ, ലത്തീൻകത്തോലിക്കനേയോ, നിറുത്തിയില്ലെന്നും, അതു കടുത്ത സമുദായമനോഭാവമായിപ്പോയെന്നുമാണു ഞാൻ പ്രസ്താവിച്ചതു്. മെ: നടരാജപിള്ളയുടെ വിജയമോ, ഉദയഭാനുവിൻെറ വിജയമോ, ഇതിനു സമാധാനമാകുന്നില്ല. സർ, ഇവിടെ സംസാരിച്ച സ്റ്റേറ്റുകാൺഗ്രസ്സുനേതാക്കന്മാർ തിരുവിതാംകൂറിൻെറ മുഴുവൻ പ്രാതിനിധ്യം വഹിച്ചുകൊണ്ടു്, രാജ്യം മുഴുവനും അവരുടെ പിന്നണയിലുണ്ടെന്നുള്ള ഭാവത്തിൽ, സംസാരിച്ചു കേട്ടു. അവൎക്കു രാജ്യത്തുള്ള സ്വാധീനശക്തി കഴിഞ്ഞ തെരഞ്ഞെടുപ്പു തെളിച്ചു കാണിച്ചു. ഇപ്പോഴത്തെ വോട്ടിംഗ് സമ്പ്രദായമല്ലായിരുന്നുവെങ്കിൽ ഇത്രയും ആളുകൾതന്നെ ഇതിനകത്തു കാലു കുത്തുകയില്ലായിരുന്നു. ലണ്ടൻപട്ടണത്തിലെ നാലു തുന്നൽവേലക്കാർ ലണ്ടൻപട്ടണം അവരുടെ പുറകിലാണെന്നോർക്കൽ പറഞ്ഞതും സ്റ്റേറ്റുകാൺഗ്രസ്സുകാരുടെ പുറകെ തിരുവിതാംകൂറു മുഴുവനും അങ്ങനെ അചഞ്ചലമായി നിൽക്കുന്നുവെന്നു് ഭാവിക്കുന്നതും, ഏകദേശം ഒരുപോലെയാണു്.

സ്റ്റേറ്റുകാൺഗ്രസ്സ് പാർട്ടിയുടെ നേതാവു് മി. നാരായണപിള്ള ഇന്നലെ നടത്തിയ ബഡ്ജറ്റുപ്രസംഗം അതർഹിക്കുന്ന അവധാനതയോടുകൂടി ഞാൻ കേൾക്കുകയും ആലോചിക്കുകയും ചെയ്തു. വളരെ ഉത്തരവാദിത്വമുണ്ടായിരിക്കേണ്ട ഒരു സ്ഥാനത്തുനിന്നു ചെയ്ത ആ പ്രസംഗം ഏററവും ഉത്തരവാദിത്വശൂന്യമായിപ്പോയെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു. അദ്ദേഹം പറയുന്നു ഗവണ്മെൻറിൻെറ "അസററുകൾ" അനിശ്ചിതങ്ങളാണെന്നും, കടങ്ങൾ അനിശ്ചിതങ്ങളല്ലെന്നും. അനിശ്ചിതങ്ങളാണെന്നു പറഞ്ഞു മി. നാരായണപിള്ള പൊക്കിക്കാണിക്കുന്നതു താഴെ പറയുന്ന ഇനങ്ങളാണു്.

(a) Shares in Industrial concerns.
(b) Advance repayable.
(e) Electric Schemes.
(d) Rubber Factory.
(c) State Transport.

ഇതിൽ വ്യവസായസ്ഥാപനങ്ങളിൽ എടുത്തിട്ടുള്ള ഷെയർ ഒന്നു കൊണ്ടും നഷ്ടമല്ല. ഷെയറിൻെറ മാർക്കററുവില ഒന്നിനൊന്നു കൂടുകയാണു ചെയ്യുന്നതു്. Advance repayable എന്ന ഇനത്തിൽ കാണുന്ന 25822700 രൂപാ, ലൈഫ് ഇൻഷ്വറൻസുകാരും, ടീച്ചേഴ്സുഫണ്ടുകാരും, സ്റ്റേററു പ്രോവിഡൻറു ഫണ്ടുകാരും, ഡിഫൻസു പ്രോവിഡൻറു ഫണ്ടുകാരും,

അവർ കൊടുത്തിട്ടുള്ള സംഖ്യയുടെ ഒരംശം മുടക്കുസംഖ്യക്കുള്ള പ്രമാണം ഈടായി വച്ചുകൊണ്ടു പററീട്ടുള്ളതാണ്. അതു് അനിശ്ചിതമായി എങ്ങനെ വരും? കടമിനത്തിൽ Life Insurance Fund മുതൽ Work Establishment Provident Fund വരെയുള്ള ഇനത്തിൽ ബഡ്ജററിൽ കാണുന്ന സംഖ്യയിൽ ഈ "അസററു"കൾ തട്ടിക്കുറയ്ക്കപ്പോനുള്ളതാകുന്നു. ൻലക്ഷം രൂപാ മുടക്കിയ റബ്ബർഫാക്ടറി ൩.൭ ലക്ഷം രൂപാ ആദായമുണ്ടാക്കി. ഇനിയും അതിന്റെ ഭാവി ആശാവഹമായിത്തന്നെയിരിക്കുന്നു. ഈ മുടക്ക് ഏതുവിധമാണ് അനിശ്ചിതമാകുന്നതു്? ട്രാൻസ്പോർട്ടിന്റെ ലാഭനഷ്ടങ്ങളൊന്നും നോക്കാതെതന്നെ അതു സ്വാഗതാർഹമാണ്. ഇൻഡ്യയിൽ മററു ഭാഗങ്ങളിലെല്ലാം സഞ്ചാരത്തിനു ആളുകൾ നരകിക്കുമ്പോൾ, ഇവിടെ കുറച്ചുസൌകര്യം സഹിച്ചാണെങ്കിലും സഞ്ചരിക്കുവാൻ സാധിക്കുന്നതു് ഈ യുദ്ധകാലപരിതസ്ഥിതിയിൽ ഒരു വലിയ നേട്ടമാണ്. ൧൧൨൦-ൽ ഈ ഡിപ്പാർട്ടുമെൻറിനു ൨൯൩൩൭൩ രൂപാ ലാഭമുള്ളതു്, മി. നാരായണപിള്ള മറന്നിരിക്കുന്നു. ഈ ലാഭം തന്നെ മുടക്കുസംഖ്യയുടെ ഏകദേശം മുക്കാൽഭാഗം വരും. ഇലക്ട്രിക് സ്കീം ഇപ്പോൾ നഷ്ടമല്ലെന്നും, ഇനി നഷ്ടമുണ്ടാവുകയില്ലെന്നും അതിന്റെ കണക്കുകൾ നിഷ്പക്ഷമായി നോക്കുന്ന ആർക്കും അറിയാവുന്നതാണ്. കണക്കുകൾ നോക്കുവാൻ അറിയുവാൻ പാടില്ലാത്തതുകൊണ്ടല്ല, കുററങ്ങൾ കാണണമെന്നുള്ള ചെമ്പല്ലിച്ചുണ്ട ആവശ്യമില്ലാത്ത സ്ഥലത്തു കൊള്ളുന്നു എന്നു മാത്രം. ഇത്ര സുനിശ്ചിതങ്ങളും സുരക്ഷിതങ്ങളുമായ സ്വത്തുക്കളെ അനിശ്ചിതങ്ങളായും അരക്ഷിതങ്ങളായും മി. നാരായണപിള്ള കാണുന്നതു് വിചിത്രമായിരിക്കുന്നു. ഇറിഗേഷൻടാങ്കുകൾക്കു വേണ്ടി സംഖ്യ കൊള്ളിച്ചിട്ടില്ലെന്നു "കൃഷിക്കാരനും തൊഴിലാളികളും വേണ്ടി വാദിക്കുന്ന" ആ അഖിലലോകബാന്ധവൻ പറയുന്നു. ഇതു തെററിദ്ധരിപ്പിക്കലാണ്. ഈ ആവശ്യത്തിനു ബഡ്ജററിൽ ഒരുലക്ഷം രൂപാ നീക്കിവെച്ചിട്ടുള്ള കാര്യം ഒന്നുകിൽ മറന്നു. അല്ലെങ്കിൽ മറച്ചു. മറന്നതായാലും മറച്ചതായാലും വിമർശനം അടിസ്ഥാനരഹിതവും, അതുകൊണ്ടു അനാശാസ്യവുമാണ്. മറെറാരു സ്റ്റേററുകോൺഗ്രസ്സുസ്നേഹിതനായ മി. നടരാജപിള്ള ഇത്രയും നാൾ വിദ്യാഭ്യാസത്തിനു വളരെ പണം ചെലവാക്കിയിട്ടു വിദ്യാർത്ഥികളുടെ സംഖ്യ കുറയുകയാണെന്നും ആ വഴിക്കു വിദ്യാഭ്യാസം ഒഴുക്കില്ലാതെ കെട്ടിക്കിടക്കുന്ന വെള്ളം പോലെ കിടക്കണമെന്നും പ്രസ്താവിച്ചു. ഇതുശരിയല്ലാ. ൧൦൯൩-ലെ നമ്മുടെ സാക്ഷരത്വത്തിന്റെ ശതമാനം ൨൪ ആയിരുന്നതു്, ൧൧൧൫-ൽ ൪൭ ആയി വർദ്ധിച്ചു. ൧൧൨൦-ൽ ഇംഗ്ലീഷു

[Mr. K. R. Narayanan.]

സ്കൂളിൽ ൩൯൭൫ പെൺകുട്ടികളുണ്ടായിരുന്നു. ൧൧൧൯-ൽ അതു് ൧൦൭൮൧ ആയി. ൧൧൦൯-ൽ മലയാളം തമിഴ് പള്ളിക്കൂടങ്ങളിൽ, ൨൮൪൩൭൨ കുട്ടികളുണ്ടായിരുന്നതു്, ൧൧൧൯-ൽ ൨൬൦൦൨൩ ആയി വർദ്ധിച്ചു. ഇതു പുരോഗതിയാണോ, അധോഗതിയാണോ എന്നു മി. നടരാജപിള്ള തന്നെ പറയട്ടെ. ൧൧൦൯-ൽ ഡിപ്പാർട്ടുമെൻറുസ്കൂളിലും, ഗ്രാൻറുസ്കൂളിലും കൂടി പഠിച്ചിരുന്ന കുട്ടികൾ, ൩൯൮൩൨൭ ആണു്. ഇതു ൧൧൧൯-ൽ ൫൪൩൭൨൪ ആയി. വിദ്യാർത്ഥികളുടെ സംഖ്യ കൂടുന്നതും സാക്ഷരത്വം വർദ്ധിച്ചതും അധോഗതിയാകുമെങ്കിൽ, അതൊരു അർത്ഥം മനസ്സിലാകാത്ത അധോഗതി തന്നെയാണു്. മി. നടരാജപിള്ളയുടെ നിരൂപണത്തിനു വിഷയമായ മറെറാരു ഡിപ്പാർട്ടുമെൻറു പി. ഡബ്ലിയു ആണു്. ഗ്രാമപ്രദേശങ്ങളുടെ റോഡുകളുടെ കാര്യത്തിൽ ഡിപ്പാർട്ടുമെൻറുകാർ അവരുടെ സഹജമായ അലസത കാണിക്കുന്നുണ്ടെന്നു സമ്മതിക്കാതെ ഗത്യന്തരമില്ല. എന്നാൽ കഴിഞ്ഞ കുറച്ചു വർഷങ്ങൾക്കകമായി നീണ്ടകര, ആലുവാ, നേര്യമംഗലം, തോട്ടപ്പള്ളി മുതലായ പല വലിയ പാലങ്ങൾ തീർക്കുവാനും, തിരുവനന്തപുരം നാഗർകോവിൽ റോഡു് കാൺക്രീററു ചെയ്യുവാനും ഡിപ്പാർട്ടുമെൻറിനു സാധിച്ചിട്ടുണ്ടു്. എല്ലാ ഗ്രാമപ്രദേശങ്ങളും റോഡുകളും തോടുകളും വർദ്ധിപ്പിക്കുവാൻ, പി. ഡബ്ലിയു. ബോർഡുമായി ആലോചിച്ചു ഒരു ബഡ്ജററു ൧൧൧൮-ലും, ൧൧൧൯-ലും ഡിപ്പാർട്ടുമെൻറുകാർ ശരിയാക്കി. എസ്റ്റിമേററു ററിനു വേലയെടുക്കുവാൻ കൺട്രാക്ററന്മാരില്ലാത്തതുകൊണ്ടു അതെല്ലാം അങ്ങിനെ ബഡ്ജററിൽ തന്നെ കിടക്കുകയാണു്. ആ വേലകൾ പൂർത്തിയാക്കി ഗ്രാമപ്രദേശങ്ങളുടെ വിഷയത്തിൽ ഒരു പുരോഗതി വരുത്തുവാൻ അധികൃതന്മാർ ജാഗരൂകരായിരിക്കേണ്ടതാണു്. ഈ ഡിപ്പാർട്ടുമെൻറിനെക്കുറിച്ചുള്ള മി. നടരാജപിള്ളയുടെ വിമർശനം ഒരുവശം മാത്രം കണ്ടുകൊണ്ടുള്ളതാണു്.

സർ, ഈ ബഡ്ജററു വിമർശനവേളയിൽ അതിപ്രധാനമായ ഒരു കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദിനംതോറും ഈ രാജ്യത്തു വർദ്ധിച്ചുവരുന്ന യാചകന്മാരുടെ ദുരിതനിവാരണത്തിനു ഒരു പദ്ധതിയുണ്ടാകണം. സ്പെൻസർ ഹാച്ചിൻെറ ഒരു ലേഖനമാസ്പദമാക്കി നോക്കിയാൽ ഇവിടെ ൩ ലക്ഷം യാചകർ കാണണം. മരണത്തിൻെറയും ജീവിതത്തിൻെറയും മദ്ധ്യേ കൂടി ഇഴഞ്ഞിഴഞ്ഞു പോകുന്ന ഈ പട്ടിണിപ്പാവങ്ങളുടെ രക്ഷയും ധർമ്മ

